**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1658** **04-02-2026 - ൽ മറുപടിയ്ക്ക്**

**അഗ്രോ സർവീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി അഗ്രോ സർവീസ് സെന്ററുകൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ അവ ബ്ലോക്ക് കേന്ദ്രീകരിച്ചാണോ അനുവദിക്കുന്നത്; പുതിയ അഗ്രോ സർവീസ് സെന്ററുകൾ അനുവദിക്കാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (എ) | 2022-23 മുതൽ അഗ്രോസർവീസ് സെന്ററിന്റെയും, കാർഷിക കർമ്മസേനയുടെയും, കസ്റ്റം ഹയറിംഗ് സെന്ററിന്റെയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള കൃഷിശ്രീ സെന്ററുകളാണ് പുതിയതായി സ്ഥാപിക്കുന്നത്. ഒരു ബ്ലോക്കിലെ 3 വില്ലേജുകളിലെ 3 സേവന മേഖല കൃഷിക്കൂട്ടങ്ങൾ സംയോജിപ്പിച്ചാണ് നിലവിൽ കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നത്. പുതിയതായി കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിനു പരിഗണിക്കുന്ന മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**<u>കൃഷിശ്രീ സെന്റർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

**എ. ബ്ലോക്കുകളുടെ തിരഞ്ഞെടുപ്പ്:-** കൃഷിശ്രീ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് കാർഷിക യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് ഫ്രണ്ട് ഓഫീസ്, മെഷിനറി യാർഡ് എന്നിവ നൽകാൻ തയ്യാറുള്ള ഏജൻസി/ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമ പഞ്ചായത്തിനാണ് കൃഷിശ്രീ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നത്. ഓഫീസിന് കുറഞ്ഞത് 25 ചതുരശ്ര മീറ്റർ സ്ഥലവും, കാർഷിക യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് 200 ചതുരശ്ര മീറ്റർ സ്ഥലവും ആവശ്യമാണ്. കൃഷി ഡയറക്ടറേറ്റിൽ നിന്ന് അനുമതി ലഭിച്ചതിനുശേഷം ജില്ലയിലെ നിയോജകമണ്ഡലങ്ങളിലെ കൃഷിശ്രീ കേന്ദ്രങ്ങൾ ആരംഭിക്കേണ്ട ബ്ലോക്കുകൾ ATMA പ്രോജക്ട് ഡയറക്ടർ കണ്ടെത്തണം.

**ബി. കൃഷിശ്രീ കേന്ദ്രങ്ങളുടെ രൂപീകരണം:-** കേന്ദ്രീകൃത SMAM സ്കീമിന് കീഴിൽ സഹകരണത്തോടെ പ്രവർത്തിക്കുന്നതിന് ബ്ലോക്ക് തലത്തിലുള്ള 3 സേവനമേഖല കൃഷിക്കൂട്ടങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നതിനുള്ള ഒരു സംഘടിത ശ്രമമാണ് കൃഷിശ്രീ കേന്ദ്രത്തിന്റെ രൂപീകരണം.

**<u>രൂപീകരണ മാനദണ്ഡം:</u>**

1. **കൃഷിക്കൂട്ടങ്ങളുടെ പൂളിംഗ്:** ഒരേ ബ്ലോക്കിലെ മൂന്ന് വ്യത്യസ്ത ഗ്രാമങ്ങളെ (വില്ലേജുകൾ) കേന്ദ്രീകരിച്ച് സേവന മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന കുറഞ്ഞത് മൂന്ന് കൃഷിക്കൂട്ടങ്ങൾ ഒന്നിച്ച് ഒരു കൃഷിശ്രീ കേന്ദ്രം രൂപീകരിക്കണം. ഈ ഗ്രൂപ്പുകളെ SMAM സ്കീമുമായി സംയോജിപ്പിക്കണം. ഓരോ കൃഷിക്കൂട്ടത്തിലെയും അംഗങ്ങളുടെ എണ്ണം 5 നും 20 നും ഇടയിൽ ആയിരിക്കണം. സേവന മേഖലയിൽ കഴിഞ്ഞ വർഷം മികച്ച പ്രകടനം കാഴ്ചവച്ച കൃഷിക്കൂട്ടങ്ങൾക്ക് മുൻഗണന നൽകും.

2. **രജിസ്ട്രേഷൻ:** ഓരോ ഗ്രൂപ്പിനും AIMS പോർട്ടലിൽ നിന്നുള്ള രജിസ്ട്രേഷൻ ഐഡി ഉണ്ടായിരിക്കണം.

സെക്ഷൻ ഓഫീസർ